"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - പട്ടികജാതിയിലെ ദുർബല വിഭാഗങ്ങളുടെ പുനരധിവാസ പദ്ധതി - ഉപപദ്ധതികളുടെ നടത്തിപ്പിന് സ്വീകരിക്കേണ്ടുന്ന മാനദണ്ഡങ്ങൾ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ജി) വകുപ്പ്**

സ.ഉ.(കൈ) നം.33/2024/SCSTD തീയതി,തിരുവനന്തപുരം, 19-10-2024

**പരാമർശം**:-

1. സ.ഉ.(കൈ) നം.78/2018/പജ.പവ.വി.വ, തീയതി 07/11/2018.
2. സ.ഉ.(കൈ) നം.58/2022/പജ.പവ.വി.വ, തീയതി 30/12/2022.
3. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 29.05.2023-ലെ SCDD/869/2023-A1 (DEV A) നമ്പർ കത്ത്.

**ഉത്തരവ്**

പട്ടികജാതിയിലെ ദുർബല വിഭാഗക്കാരായ വേടൻ, നായാടി, കള്ളാടി, ചക്ലിയൻ, അരുന്ധതിയാർ വിഭാഗക്കാരുടെ പുനരധിവാസ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഉപ പദ്ധതികളുടെ നടത്തിപ്പിന് സ്വീകരിക്കേണ്ടുന്ന മാനദണ്ഡങ്ങൾ, പരാമർശം 1, 2 പ്രകാരമുള്ള സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി പരിഷ്കരിക്കുന്നതിനായി പരാമർശം (3) പ്രകാരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പട്ടികജാതിയിലെ ദുർബല വിഭാഗങ്ങളുടെ പുനരധിവാസ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഉപ പദ്ധതികളുടെ നടത്തിപ്പിന് സ്വീകരിക്കേണ്ടുന്ന മാനദണ്ഡങ്ങൾ പരാമർശം 1, 2 പ്രകാരമുള്ള സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി ചുവടെ ചേർക്കും പ്രകാരം പരിഷ്കരിച്ചും, ദുർബല പുനരധിവാസ പദ്ധതിയുടെ കീഴിൽ 'സങ്കേത തലത്തിൽ ദുർബല പുനരധിവാസ പദ്ധതി' കൂടി ഉപ പദ്ധതിയായി ഉൾപ്പെടുത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

2) **ഉപ പദ്ധതികളുടെ അർഹതാ മാനദണ്ഡങ്ങൾ**

എ) **ഭവന നിർമ്മാണത്തിന് സ്ഥലം വാങ്ങൽ (ഭൂരഹിത പുനരധിവാസ പദ്ധതി)**

ഗ്രാമപഞ്ചായത്ത് പരിധി - 5 സെന്റ് ഭൂമി വാങ്ങുന്നതിനായി 5,00,000/- രൂപ

മുനിസിപ്പാലിറ്റി പരിധി - 3 സെന്റ് ഭൂമിയ്ക്ക് 6,00,000/- രൂപ

കോർപ്പറേഷൻ പരിധി - 3 സെന്റ് ഭൂമിയ്ക്ക് 7,50,000/- രൂപ

പ്രായപരിധി - 70 വയസ്സ്

അപേക്ഷകർ 7 0 വയസ്സോ അതിന് മുകളിലോ പ്രായമുള്ളവരും ഒറ്റപ്പെട്ട് കഴിയുന്നവരും നിരാലംബരും ആകുന്ന പക്ഷം ഈ ആനുകൂല്യത്തിന് പരിഗണിക്കാവുന്നതാണ്.

നിലവിൽ വകുപ്പ് നടപ്പിലാക്കുന്ന ഭൂരഹിത പുനരധിവാസ പദ്ധതിയുടെ മാനദണ്ഡങ്ങൾ ബാധകം

**ബി) ഭവന നിർമ്മാണം**

ധനസഹായതുക–6,00,000/-രൂപ
ലൈഫ് മിഷൻ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളയാളായിരിക്കണം.അപേക്ഷകന്റെ സ്വന്തം പേരിലോ ഭാര്യ/ഭർത്താവിന്റെ പേരിലോ ഭവന നിർമ്മാണത്തിന് അനുയോജ്യമായ സ്ഥലം ഉണ്ടായിരിക്കണം

സ്വന്തം പേരിലോ ഭാര്യ/ഭർത്താവിന്റെ പേരിലോ വാസയോഗ്യമായ ഭവനമില്ലാത്തവർക്കാണ് അർഹതയുള്ളത്.

ധനസഹായം വകുപ്പിന്റെ പൊതു പദ്ധതി മാനദണ്ഡങ്ങൾക്കനുസൃതമായി 4 ഗഡുക്കളായി (15%, 30%, 40%, 15%) നൽകേണ്ടതാണ്.

വീടിന്റെ മേൽക്കൂര കോൺക്രീറ്റ് ചെയ്ത് അടുക്കള, ടോയ്ലെറ്റ് എന്നിവ പൂർത്തിയാക്കി വാസയോഗ്യമാക്കിയതിന് ശേഷം മാത്രമേ അവസാന ഗഡു അനുവദിക്കാൻ പാടുള്ളൂ.

**സി) ടോയ്ലെറ്റ് നിർമ്മാണം**

ധനസഹായ തുക – 40,000/- രൂപ

ഉപയോഗ യോഗ്യമായ സെപ്റ്റിക് ടാങ്കോടുകൂടിയ ടോയ്ലെറ്റ് ഇല്ലാത്തവർക്കാണ് അനുവദിക്കേണ്ടത്.

ധനസഹായം ഉപയോഗിച്ച് സെപ്റ്റിക് ടാങ്കോടു കൂടിയ സാനിറ്ററി ടോയ്ലെറ്റ് നിർമ്മിക്കേണ്ടതാണ്.

ധനസഹായം രണ്ടു ഗഡുക്കളായി നൽകേണ്ടതാണ്. ആദ്യഗഡു ഉപയോഗിച്ച് നിർദ്ദിഷ്ട പ്രവൃത്തികൾ (സെപ്റ്റിക് ടാങ്ക് നിർമ്മാണം, ടോയ്ലെറ്റ് റൂം ഉൾപ്പെടെ) പൂർത്തിയാക്കിയ ശേഷം അടുത്ത ഗഡു പൂർത്തീകരണ പ്രവൃത്തികൾക്കായി (ടൈൽ, പ്ലംബിംഗ് ഉൾപ്പെടെ) അനുവദിക്കാവുന്നതാണ്.

**ഡി) ഭവന പുനരുദ്ധാരണം**

ധനസഹായ തുക – പരമാവധി 2,50,000/- രൂപ

5 വർഷത്തിനുള്ളിൽ ഭവന നിർമ്മാണം/ഭവന പുനരുദ്ധാരണം എന്നിവയ്ക്ക് ധനസഹായം ലഭിച്ചവരാകരുത്.

സ്വന്തം പേരിലോ ഭാര്യ/ഭർത്താവിന്റെ പേരിലോ ഉള്ള ഭവനത്തിനാണ് പുനരുദ്ധാരണ സഹായം അനുവദിക്കുന്നത്.

മേൽക്കൂര പ്ലാസ്റ്ററിംഗ്, അറ്റകുറ്റപണി, ചുമരുകളുടെ അറ്റകുറ്റപണി/പ്ലാസ്റ്ററിംഗ്, ഫ്ലോറിംഗ്, അടുക്കള നിർമ്മാണം/പൂർത്തീകരണം, ഇലക്ട്രിക്കൽ (ELCB നിർബന്ധമാക്കേണ്ടതാണ്) , പ്ലംബിംഗ്, ടോയ്ലെറ്റ് പുതുക്കൽ എന്നിവ ഭവന പുനരുദ്ധാരണത്തിന്റെ ഭാഗമായി അനുവദിക്കാവുന്നതാണ്.

വകുപ്പിന്റെ അക്രഡിറ്റഡ് എഞ്ചിനീയർമാർ തയ്യാറാക്കുന്ന എസ്റ്റിമേറ്റ് പ്രകാരം പരമാവധി 2,50,000/- രൂപ വരെ അനുവദിക്കാവുന്നതാണ്.

75,000/-, 1,00,000/-, 75,000/- രൂപ (30%, 40%, 30%) എന്നിങ്ങനെ 3 ഗഡുക്കളായി തുക അനുവദിക്കാവുന്നതാണ്.

ഒന്നാം ഗഡു മുൻകൂറായി അനുവദിക്കേണ്ടതും നിർമ്മാണ പുരോഗതി സംബന്ധിച്ച് അക്രഡിറ്റഡ് എഞ്ചിനീയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ തുടർന്നുള്ള 2 ഗഡുക്കൾ അനുവദിക്കേണ്ടതുമാണ്.

വീട് അറ്റകുറ്റപ്പണി ചെയ്യുകയെന്നതിലുപരി സമഗ്രമായ ഭവന നവീകരണമാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

**ഇ) <u>പഠനമുറി</u>**

ധനസഹായ തുക – 3,00,000/- രൂപ

സർക്കാർ/എയ്ഡഡ്/സ്പെഷ്യൽ/ടെക്നിക്കൽ/കേന്ദ്രീയ വിദ്യാലയങ്ങളിൽ 5-ാം സ്റ്റാൻഡേർഡ് മുതൽ 12-ാം സ്റ്റാൻഡേർഡ് വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ആനുകൂല്യം അനുവദിക്കാവുന്നതാണ്.

നിലവിൽ വകുപ്പ് നടപ്പിലാക്കുന്ന പഠനമുറി പദ്ധതിയുടെ മാനദണ്ഡങ്ങൾ ബാധകം

**എഫ്) <u>കൃഷിഭൂമി വാങ്ങുന്നതിന് ധനസഹായം</u>**

ധനസഹായ തുക – പരമാവധി 10 ലക്ഷം രൂപ

സ്വന്തം പേരിലോ കുടുംബാംഗങ്ങളുടെ പേരിലോ 10 സെന്റിലധികം ഭൂമിയുണ്ടായിരിക്കരുത്.

അപേക്ഷകർ വിവാഹിതരും 60 വയസ്സിനു താഴെ പ്രായമുള്ളവരുമായിരിക്കണം.

സ്ഥിരം തൊഴിൽ/ജോലി ഇല്ലാത്തവരും കൃഷി ജീവനോപാധിയാക്കുന്നതിന് താൽപ്പര്യമുള്ളവരുമായിരിക്കണം.

കുറഞ്ഞത് 25 സെന്റ് കൃഷിയ്ക്ക് യോഗ്യമായതും (കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തണം) സ്വതന്ത്ര ഉപയോഗത്തിനായി വഴി സൗകര്യമുള്ളതുമായ ഭൂമിയായിരിക്കണം വാങ്ങേണ്ടത്.

സ്വന്തം ജില്ലയ്ക്ക് പുറത്ത് കൃഷി ഭൂമി വാങ്ങുന്നത് പ്രോൽസാഹിപ്പിക്കുന്നതല്ല

മുദ്രപത്ര ചെലവുകൾ സബ്സിഡി തുകയിൽ ഉൾപ്പെടുത്താവുന്നതാണ്

**ജി) <u>സ്വയം തൊഴിൽ സഹായം</u>**

**<u>വ്യക്തിഗത സംരംഭം</u>**

ധനസഹായ തുക – പരമാവധി 3,00,000/- രൂപ.

സ്വയം തൊഴിൽ സംരംഭ പ്രോജക്ട് - ബന്ധപ്പെട്ട മേഖലാ വിദഗ്ധർ (കൃഷി ഓഫീസർ, മൃഗസംരക്ഷണ/ക്ഷീരവികസന വകുപ്പ് ഉദ്യോഗസ്ഥർ, വ്യവസായ വകുപ്പ് ഉദ്യോഗസ്ഥർ)

സാക്ഷ്യപ്പെടുത്തിയ പദ്ധതി റിപ്പോർട്ട് സമർപ്പിക്കണം.

ബാങ്ക് വായ്പ സ്വരൂപിക്കുന്ന പക്ഷം വായ്പ ലഭ്യമാക്കി സംരംഭം ആരംഭിച്ച ശേഷം വായ്പ അനുവദിച്ചതുമായി ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ ഒറ്റത്തവണയായി സബ്സിഡി വായ്പ അക്കൗണ്ടിലേയ്ക്ക് അനുവദിക്കാവുന്നതാണ്.

ബാങ്ക് വായ്പയില്ലാത്ത സംരംഭങ്ങളിൽ അംഗീകരിച്ച പ്രോജക്റ്റ് റിപ്പോർട്ട് പ്രകാരം ആവശ്യമായ തുകയുടെ 50% മാത്രം മുൻകൂർ അനുവദിക്കാവുന്നതും ശേഷിക്കുന്ന തുക സംരംഭം ആരംഭിച്ച ശേഷം ചെലവായ തുക സംബന്ധിച്ചുള്ള രേഖകൾ ലഭ്യമാക്കി ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസർ നേരിൽ സന്ദർശിച്ച് ബോദ്ധ്യപ്പെട്ട ശേഷം അനുവദിക്കാവുന്നതുമാണ്.

വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസർ ശിപാർശ ചെയ്ത് ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. ജില്ലാ ഓഫീസർ ഗുണഭോക്താവുമായി നേരിൽ കൂടിക്കാഴ്ച (Project Meeting) നടത്തിയശേഷം അനുമതി ഉത്തരവ് നിർവ്വഹണ ഉദ്യോഗസ്ഥന് നൽകേണ്ടതാണ്. ജില്ലയിൽ എവിടെയും സംരംഭം ആരംഭിക്കാവുന്നതാണ്.

ബന്ധപ്പെട്ട തൊഴിൽ മേഖലയിൽ വൈദഗ്ദ്ധ്യവും പ്രായോഗിക പരിചയവും ഉണ്ടായിരിക്കണം.

അപേക്ഷകന് നിലവിൽ സ്ഥിരം തൊഴിൽ/വരുമാനം ഉണ്ടായിരിക്കരുത്.

പ്രായം 18-നും 50-നും മദ്ധ്യേ ആയിരിക്കണം

വാർഷിക കുടുംബവരുമാനം 1 ലക്ഷം രൂപയിൽ താഴെയായിരിക്കണം.

സബ്സിഡി ആദ്യഗഡു അനുവദിച്ച് ഒരു മാസത്തിനുള്ളിൽ സംരംഭം ആരംഭിക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് ഗുണഭോക്താവ് നിർവ്വഹണ ഉദ്യോഗസ്ഥനുമായി കരാർ ഒപ്പുവെയ്ക്കേണ്ടതാണ്.

<u>ഗ്രൂപ്പ് സംരംഭം</u>

ധനസഹായ തുക – പരമാവധി 5,00,000/- രൂപ

ഏർപ്പെടുന്ന തൊഴിൽ സംരംഭത്തിന് ലഭ്യമായ ബാങ്ക് വായ്പയുടെ 100% സബ്സിഡി (പരമാവധി 5 ലക്ഷം രൂപ) അനുവദിക്കാവുന്നതാണ്.

ഒരു ഗ്രൂപ്പിൽ കുറഞ്ഞത് 5 പേർ ഉണ്ടായിരിക്കണം. ഒരേ കുടുംബത്തിൽ നിന്നുള്ളവരാകാൻ പാടില്ല.

സ്വയം തൊഴിൽ സംരംഭ പ്രോജക്റ്റ് - ബന്ധപ്പെട്ട മേഖലാ വിദഗ്ദ്ധർ (കൃഷി ഓഫീസർ, മൃഗസംരക്ഷണ/ക്ഷീരവികസന വകുപ്പ് ഉദ്യോഗസ്ഥർ, വ്യവസായ വകുപ്പ് ഉദ്യോഗസ്ഥർ) സാക്ഷ്യപ്പെടുത്തിയ പദ്ധതി റിപ്പോർട്ട് സമർപ്പിക്കണം.

സൊസൈറ്റി രജിസ്ട്രേഷൻ ആക്റ്റ് പ്രകാരമോ കുടുംബശ്രീ യൂണിറ്റ് ആയോ രജിസ്റ്റർ ചെയ്ത സംഘം ആയിരിക്കണം.

സംഘത്തിന് ഭാരവാഹികളുടെ പേരിൽ ഔദ്യോഗിക ബാങ്ക് അക്കൗണ്ട് ഉണ്ടായിരിക്കണം.

ബാങ്ക് അംഗീകരിക്കുന്ന പ്രോജക്റ്റ് പ്രകാരം അനുവദിക്കുന്ന വായ്പയിന്മേലാണ് സബ്സിഡി

അനുവദിക്കുന്നത്. സബ്സിഡി 5 ലക്ഷമായി പരിമിതപ്പെടുത്തിയിട്ടുണ്ടെങ്കിലും ബാങ്ക് വായ്പയ്ക്ക് പരിധി ഉണ്ടായിരിക്കില്ല.

വായ്പ തുക ഉപയോഗിച്ച് സംരംഭം ആരംഭിച്ച ശേഷമായിരിക്കും സബ്സിഡി തുക ലോൺ അക്കൗണ്ടിലേയ്ക്ക് അനുവദിച്ചു നൽകുന്നത്.

വാർഷിക കുടുംബവരുമാനം 1 ലക്ഷം രൂപയിൽ താഴെയായിരിക്കണം.

പ്രായം 18-നും 60-നും മദ്ധ്യേ ആയിരിക്കണം.

**<u>തൊഴിൽ പരിശീലന പരിപാടികൾ/സംരംഭകത്വ പരിശീലനം</u>**

തൊഴിൽ/സംരംഭകത്വ പരിശീലനങ്ങൾ ഏറ്റെടുക്കാവുന്നതാണ്.

പ്രായപരിധി - 18 മുതൽ 40 വരെ

സർക്കാർ സ്ഥാപനങ്ങളോ സർക്കാർ അംഗീകാരമുള്ള പരിശീലന സ്ഥാപനങ്ങളോ മുഖേനയാണ് പരിശീലനം നടത്തേണ്ടത്.

പരിശീലന പദ്ധതികൾ തൊഴിൽ ലഭിക്കാൻ സഹായകരമാണെന്ന് ഉറപ്പാക്കേണ്ടതാണ്.

ജില്ലകളിൽ നടത്തുന്ന പരിശീലന പരിപാടികൾക്ക് പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ അനുമതി ഉത്തരവ് വാങ്ങേണ്ടതാണ്.

3) **<u>സങ്കേത തലത്തിൽ ദുർബല പുനരധിവാസ പദ്ധതി</u>**

അംബേദ്കർ ഗ്രാമ വികസന പദ്ധതി മാതൃകയിൽ പരമാവധി ഒരു കോടി രൂപ വരെ ചെലവഴിച്ചുകൊണ്ട് സങ്കേത തലത്തിൽ ദുർബല പുനരധിവാസ പദ്ധതി നടപ്പിലാക്കാവുന്നതാണ്.

ഇത്തരത്തിൽ തെരഞ്ഞെടുക്കുന്ന സങ്കേതങ്ങളിൽ ഭൂരിഭാഗവും പട്ടികജാതിയിലെ ദുർബല വിഭാഗത്തിൽപ്പെട്ടവരായിരിക്കണം ഉണ്ടായിരിക്കേണ്ടത്.

പ്രതിവർഷം സംസ്ഥാനാടിസ്ഥാനത്തിൽ അത്തരത്തിലുള്ള രണ്ട് സങ്കേതങ്ങളെ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കേണ്ടതാണ്.

വ്യക്തിഗത ആനുകൂല്യങ്ങൾ ഒഴിവാക്കി സങ്കേതങ്ങളിലെ പൊതുവായ പ്രവൃത്തികൾ മാത്രം ഉൾപ്പെടുത്തി വേണം സങ്കേത തലത്തിലുള്ള പ്രസ്തുത പ്രവൃത്തി നടപ്പിലാക്കേണ്ടത്.

മേൽപ്പറഞ്ഞ കാര്യങ്ങളിൽ ഒഴികെ നിലവിൽ അംബേദ്കർ ഗ്രാമ വികസന പദ്ധതിയുടെ നടത്തിപ്പിനായുള്ള മറ്റ് മാനദണ്ഡങ്ങൾ തന്നെ പ്രസ്തുത സങ്കേതതല പദ്ധതിയുടെ നടത്തിപ്പിനും പിൻതുടരേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സി.അനിൽകുമാർ
അഡിഷണൽ സെക്രട്ടറി

**പകർപ്പ്** :-
1) ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.

2) എല്ലാ ജില്ലാ ഓഫീസർമാർക്കും (വകുപ്പ് ഡയറക്ടർ മുഖേന)
3) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ സെക്ടർ/ജി & എസ് സെക്ടർ/ ആഡിറ്റ്) കേരള, തിരുവനന്തപുരം.
4) ഇൻഫർമേഷൻ ഓഫീസർ (വെബ് ആന്റ് ന്യൂ മീഡിയ) ഐ & പി ആർ ഡി
5) കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ